**A** **GI 706**

# സമഗ്ര ശിക്ഷാ, കേരളം
## അർധവാർഷിക മൂല്യനിർണയം 2019-20
## അടിസ്ഥാനശാസ്ത്രം

ക്ലാസ് : 7

സമയം: 2 മണിക്കൂർ
ആകെ പോയിന്റ് : 40

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കട്ടെ.
2. പത്ത് പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. ഏതെങ്കിലും എട്ട് പ്രവർത്തനങ്ങൾക്ക് കുട്ടികൾ ഉത്തരമെഴുതിയാൽ മതിയാകും. കുട്ടി എട്ടിലധികം പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയിട്ടുണ്ടെങ്കിൽ അവയിൽ മികച്ച സ്കോർ നേടിയ പ്രവർത്തനങ്ങളാണ് ഓവറോൾ ഗ്രേഡിനായി പരിഗണിക്കേണ്ടത്.
4. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ് ആകെ 40 പോയിന്റ്
5. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
6. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയത്തിന്റെ ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

**പ്രവർത്തനം : 1**

*പഠനനേട്ടം : രാസവസ്തുക്കൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുവാൻ കഴിയുന്നു.*

- ആസിഡുകൾ, ആൽക്കലികൾ എന്നിവയെ തിരിച്ചറിയാൻ സഹായിക്കുന്ന സൂചകങ്ങൾ കണ്ടെത്തി ഉപയോഗിക്കാൻ കഴിയുന്നു.
- നിർവീരീകരണം പ്രയോജനപ്പെടുത്തുന്ന നിത്യജീവിത സന്ദർഭങ്ങൾ കണ്ടെത്താൻ കഴിയുന്നു.

**സൂചകങ്ങൾ**

എ. ആസിഡ് ശ്രദ്ധയോടെ തുള്ളിതുള്ളിയായി ബ്യൂററ്റ് തുറന്നു സോഡിയം ഹൈഡ്രോക്സൈഡിലേയ്ക്കു വീഴ്ത്തണമെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (2)

ബി. അനുയോജ്യമായ സൂചകം ഏതെന്നും അവയുടെ നിറവ്യത്യാസവും പ്രസ്താവിച്ചിട്ടുണ്ട്. (2)

സി. നിർവീരീകരണം പ്രയോജനപ്പെടുത്തുന്ന നിത്യജീവിത സന്ദർഭം രേഖപ്പെടുത്തിയിട്ടുണ്ട്. (1)

**പ്രവർത്തനം : 2**

*പഠനനേട്ടം : പ്രകാശസംശ്ലേഷണത്തിന്റെ പ്രാധാന്യം ഉദാഹരണ സഹിതം വിശദീകരിക്കുന്നു.*

**സൂചകങ്ങൾ**

എ. സ്വപോഷികൾ, പരാദങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് തെറ്റായ പട്ടിക ശരിയാക്കി എഴുതിയിട്ടുണ്ട്. (2)

ബി. ഇരപിടിയൻ സസ്യങ്ങൾ വളരുന്ന മണ്ണിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (അസിഡിറ്റി കൂടിയ മണ്ണ്, നൈട്രോ ബാക്ടീരിയകളുടെ അഭാവം, ചതുപ്പ് പ്രദേശം തുടങ്ങിയവ) (2)

സി. ഒരു ഇരപിടിയൻ സസ്യത്തെ തിരിച്ചറിഞ്ഞ് പേര് രേഖപ്പെടുത്തിയിട്ടുണ്ട്. (1)

**പ്രവർത്തനം : 3**

*പഠനനേട്ടം : ദന്തസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കാൻ കഴിയുന്നു.*

**സൂചകങ്ങൾ**

എ. മാംസഭുക്കായ സിംഹത്തിന്റെയും സസ്യഭുക്കായ പശുവിന്റെയും പല്ലുകൾക്കുള്ള ഘടനാവ്യത്യാസം തിരിച്ചറിഞ്ഞ് ആഹാര സമ്പാദന രീതിക്ക് ഇത് എങ്ങനെ അനുയോജ്യമാകുമെന്ന് എഴുതിയിട്ടുണ്ട്. (3)

ബി. മൂന്നു നാലു എന്നീ പ്രസ്താവനകളാണ് ശരിയെന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. (2)

**പ്രവർത്തനം : 4**

*പഠനനേട്ടം : ഫ്യൂസിന്റെ പ്രവർത്തനം തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു*

**സൂചകങ്ങൾ**

എ. വൈദ്യുത പ്രവാഹം അമിതമാകുമ്പോൾ ഫ്യൂസ് ഉരുകി വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെടുന്നുവെന്ന് തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട് (2)

ബി. സെർക്കീട്ടിൽ ഫ്യൂസിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. (1)
സി. വ്യത്യസ്ത ഫ്യൂസ് സംവിധാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2)

**പ്രവർത്തനം : 5**

***പഠനനേട്ടം :*** ജീവജാലങ്ങളുടെ നിലനിൽപ്പിനു മണ്ണ്, ജലം, വായു എന്നിവ എത്രമാത്രം പ്രയോജനപ്പെട്ടതാണ് എന്നു വിശദീകരിക്കാൻ കഴിയുന്നു.

***സൂചകങ്ങൾ***

എ. അജീവിയ ഘടകങ്ങൾ, ജീവീയ ഘടകങ്ങൾ തമ്മിലുള്ള പരസ്പരാശ്രയത്വം എന്നിവ തിരിച്ചറിഞ്ഞ് ആശയ ഭൂപടം പൂർത്തിയാക്കിയിട്ടുണ്ട്. (3)
ബി. മണ്ണ്, ജലം എന്നീ ഘടകങ്ങളെ ജീവജാലങ്ങൾ ആശ്രയിക്കുന്നതിന് രണ്ടുദാഹരണങ്ങൾ എഴുതിയിട്ടുണ്ട്. (2)

**പ്രവർത്തനം : 6**

***പഠനനേട്ടം : വാതകമർദം എന്ന ആശയം വിശദീകരിക്കാൻ കഴിയുന്നു.***

***സൂചകങ്ങൾ***

എ. ബലൂണിലെ വായുവിന്റെ മർദം മൂലം യു-ട്യൂബിൽ ബലൂൺ ഘടിപ്പിച്ച ഭാഗത്തെ ജലവിതാനം താഴുകയും മറുഭാഗത്ത് ഉയരുകയും ചെയ്യുന്നുവെന്നു തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. (3)
ബി. ഡ്രോപ്പറിന്റെ പ്രവർത്തന തത്വം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. (2)

**പ്രവർത്തനം : 7**

***പഠനനേട്ടം :***

ശരീരം മാലിന്യം പുറന്തള്ളാൻ സ്വീകരിക്കുന്ന വിവിധ മാർഗങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

***സൂചകങ്ങൾ***

എ. ഭാഗങ്ങൾ തിരിച്ചറിഞ്ഞ് പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2)
ബി. ശരീരത്തിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതിന് വൃക്ക വഹിക്കുന്ന പങ്ക് വിശദീകരിച്ചിട്ടുണ്ട്. (2)
സി. മൂത്രാശയരോഗങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ നിർദേശിച്ചിട്ടുണ്ട്. (1)

**പ്രവർത്തനം : 8**

***പഠനനേട്ടം : വൈദ്യുതകാന്തം നിർമ്മിക്കാൻ കഴിയുന്നു.***

***സൂചകങ്ങൾ***

എ. വൈദ്യുത കാന്തം നിർമ്മിക്കുന്ന വിധം തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട്. (2)
ബി. കമ്പിച്ചുരുളുകളുടെ എണ്ണം, ബാറ്ററിയുടെ എണ്ണം എന്നിവ കൂടുമ്പോൾ കാന്തിക ശക്തി കൂടുന്നു എന്നു തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. (2)
സി. വൈദ്യുത കാന്തം ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പേര് തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം : 9**

***പഠനനേട്ടം :*** മണ്ണൊലിപ്പ്, മണ്ണ് മലിനമാകുന്ന സാഹചര്യങ്ങൾ എന്നിവ കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദേശിക്കുവാൻ കഴിയുന്നു.

***സൂചകങ്ങൾ***

എ. മുളയുടെ നാര്വേര്പടലം മേൽമണ്ണിനെ താങ്ങിനിർത്തുവാൻ കൂടുതൽ സഹായകമാകുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. (1)
ബി. മണ്ണൊലിപ്പ് തടയുന്നതിന് കർഷകർ സ്വീകരിക്കുന്ന രണ്ടു മാർഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2)
സി. മണ്ണിലെ വിഘാടകരായ ബാക്ടീരിയ, ഫംഗസ് എന്നിവയുടെ വളർച്ചയെ രാസവളത്തിന്റെയും, രാസകീടനാശിനിയുടെയും അമിതമായ ഉപയോഗം ദോഷകരമായി ബാധിക്കുമെന്നു തിരിച്ചറിഞ്ഞ് പ്രസ്താവിച്ചിട്ടുണ്ട്. (2)

**പ്രവർത്തനം : 10**

***പഠനനേട്ടം :***

- വൈദ്യുതി കടത്തിവിടുന്ന വസ്തുക്കളെയും, കടത്തി വിടാത്ത വസ്തുക്കളെയും തരം തിരിക്കാൻ കഴിയുന്നു
- പ്രതീകങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുത സെർക്കീട്ട് ചിത്രീകരിക്കാൻ കഴിയുന്നു.

***സൂചകങ്ങൾ***

എ. ചാലകങ്ങളെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട് (3)
ബി. സർക്കീട്ട് വരയ്ക്കാൻ ആവശ്യമായ പ്രതീകങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
സി) സ്വിച്ച് ഓൺ ചെയ്ത നിലയിലും ഓഫ് ചെയ്ത നിലയിലുമുള്ള ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട് (1)